

TUESDAY 31-05-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-31/05/2022.

1. സംസ്ഥാനത്ത് കൊപ്ര സംഭരണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കേരഫെഡിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ മുഖേന പച്ചത്തേങ്ങ സംഭരണം നടത്തുവാൻ തീരുമാനിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് അറിയിച്ചു. വടക്കൻ ജില്ലകളിൽ കൂടുതൽ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ വി എഫ് പി സി കെ യുടെ വിപണികൾ വഴിയും ആരംഭിക്കും. സ്വാശ്രയ കർഷക സംഘടനകൾക്ക് ഇതിനുവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വിഎഫ്പിസികെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ വി.എഫ്.പി.സി.കെ യുടെ പത്തും പാലക്കാട് ജില്ലയിൽ 15 ഉം കർഷക വിപണികളാണ് നിലവിൽ സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സംഭരണ കേന്ദ്രങ്ങളിൽ വച്ചു തന്നെ കർഷകരുടെ അപേക്ഷകളും മറ്റു രേഖകളും പരിശോധിച്ച് വിലയിരുത്തുന്നതായിരിക്കും. തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലായിരിക്കും കൈമാറുക. പച്ചത്തേങ്ങ സംഭരണവും, സംഭരിക്കുന്ന തേങ്ങകൾ കേരഫെഡ് ഗോഡൗണുകളിലേക്ക് മാറ്റുന്നതുമായ പ്രവർത്തനങ്ങൾക്ക് ജില്ലാ കൃഷി ഓഫീസർമാർ അതതു ജില്ലകളിൽ നേതൃത്വം നൽകും. ആവശ്യമുള്ള ജില്ലകളിൽ കൂടുതൽ വിപണികൾ സംഭരണത്തിനായി സജ്ജീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

2. ലോക ക്ഷീരദിനാചരണത്തിന്റെയും ക്ഷീരവാരാചരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം നാളെ (ജൂൺ 1-ന്) പകൽ 12 മണിക്ക് തിരുവനന്തപുരം, കോവളം, വെള്ളാർ കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് ശില്പശാലയും സംഘടിപ്പിച്ചിരിക്കുന്നു.

3. ഉത്തര മേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രം പിലിക്കോടിന്റ ആഭിമുഖ്യത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ പിന്തുണയോടെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ, നാട്ടുമാവിനങ്ങളുടെ മാങ്ങാ വിത്തുകൾ ശേഖരിക്കുന്നു. ഒപ്പം നാട്ടുമാവിനങ്ങളുടെ ജനിതക വിവര ശേഖരണവും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ നാടൻ മാവിനങ്ങളുടെ ജനിതക സംരക്ഷണത്തിനായി ഓരോ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിദ്യാർത്ഥിയും അവരുടെ വീട്ടുപറമ്പിലെ നാട്ടുമാവിന്റെ പേരും സ്വന്തം വിലാസവും സഹിതം സ്കൂളിൽ നൽകേണ്ടതാണ്. ഒരു വിദ്യാലയത്തിൽ നിന്ന് പരമാവധി 30,000 എണ്ണം മാങ്ങാ വിത്തുകളാണ് ശേഖരിക്കുക. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംഭരണം തുടങ്ങി ജൂൺ അവസാനത്തോടെ ശേഖരിച്ചു വെച്ച മുഴുവൻ മാങ്ങാവിത്തുകളും സ്കൂളുകളിൽ നിന്നും ശേഖരിക്കും. വിദ്യാർഥികൾക്കുള്ള പ്രോത്സാഹന സമ്മാനമായി ഒരു വിത്തിന് 50 പൈസ എന്ന നിരക്കിൽ പി.ടി.എ അക്കൗണ്ടിലേയ്ക്ക് നൽകും. ഏറ്റവും കൂടുതൽ മാങ്ങാവിത്തുകൾ ശേഖരിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും നൽകും. കൂടാതെ ഓരോ സ്കൂളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗ്രാഫ്റ്റിംഗ്, ബഡിംങ് എന്നിവയിൽ പരിശീലനം നൽകുന്നതാണ്.പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂളുകൾ **9400412064, 9497601369** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ക്ഷീരമേഖലയിലെ കർഷകർ, സംരംഭകർ, ക്ഷീരസംഘം ജീവനക്കാർ, ഭാരവാഹികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് ശാസ്ത്രീയമായ അറിവുകളും, പരിശീലനവും നൽകുന്നതിനായി നിർമ്മിച്ച പരിശീലനകേന്ദ്രത്തിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനായി കോട്ടയം ഈരയിൽകടവിൽ ആർ കെ വി വൈ പദ്ധതി പ്രകാരം ലഭിച്ച 87 ലക്ഷം രൂപ ചെലവഴിച്ച് 4500 ചതുരശ്ര അടിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് പരിശീലന കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ക്ഷീരവികസന വകുപ്പ് ഡയറക്ടർ വി പി സുരേഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തി.

**പരിശീലന പരിപാടികൾ**

5. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് (മെയ് 31) **വീട്ടുവളപ്പിലെ വർഷകാല വിള പരിപാലനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. **പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജന വിളകൾ, മൃഗസംരക്ഷണം, മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം എന്നീ മേഖലകളിൽ വർഷകാലത്ത് ശ്രദ്ധിക്കേണ്ട** കാര്യങ്ങളാണ് പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0479-2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി ലൈവ് സ്റ്റോക്ക് ഫാമിൽ ഒരു വർഷം ദൈർഘ്യമുള്ള സ്റ്റൈപ്പന്റോടു കൂടിയ പരിശീലന പരിപാടിയായ '**ഫോഡർ ക്രോപ് ഡെവലപ്മെൻറ് ആർമി**' യിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള നേരിട്ടുള്ള അഭിമുഖം **ജൂൺ 10-ന്** (10.06.2022) രാവിലെ 10 മണിക്ക് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2370302, 9526862274** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി ജൂൺ 08-ന് ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സാപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ജൂൺ മാസം **03-ന് ഇറച്ചിക്കോഴി വളർത്തൽ, 09,10 തീയതികളിൽ എരുമ വളർത്തൽ, 16,17 തീയതികളിൽ പശുവളർത്തൽ, 24,25 തീയതികളിൽ ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. ഇന്ത്യൻ കാലാവസ്ഥ വകുപ്പിന്റെ കാലാവസ്ഥ പ്രവചനമനുസരിച്ച്, കൊല്ലം ജില്ലയിൽ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്ക് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ കൊല്ലം ജില്ല കൃഷി വിജ്ഞാനകേന്ദ്രം കർഷകർക്ക് നൽകുന്ന പരിപാലന നിർദ്ദേശങ്ങൾ:-

1. മഴ സാഹചര്യം നിലനിൽക്കുന്നതിനാൽ പച്ചക്കറി പന്തലുകൾ ബലപെടുത്തുക, വാഴക്ക് ഊന്നുകാലുകൾ നൽകുക. വിളവെടുക്കാൻ പാകമായ പഴം പച്ചക്കറി വിളകൾ എത്രയും പെട്ടെന്ന്

തന്നെ വിളവെടുക്കുക, വെള്ളകെട്ട് ഒഴിവാക്കാനായി സമീപപ്രദേശങ്ങളിൽ വേണ്ടത്ര നീർച്ചാലുകൾ തുറന്ന് മഴവെള്ളം ഒഴുക്കികളയാനുള്ള സംവിധാനങ്ങൾ ഒരുക്കുക.

2. വിരിപ്പ് നെൽകൃഷിയ്ക്കായി ഞാറ്റടി തയ്യാറാക്കിയിട്ടുള്ള കർഷകർ ഞാറ്റടി ഇട്ടു മൂന്നാം ആഴ്ചയിൽ നെല്ലിൽ അടിയ്ക്കുന്ന കെ എ യൂ സമ്പൂർണ്ണ മൾട്ടിമിക്സ് 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഞാറ്റടിയിൽ തളിക്കുക.

3. കുറഞ്ഞത് 60 ദിവസമെങ്കിലും തണലിൽ സൂക്ഷിച്ച വിത്ത് തേങ്ങകൾ കാലവർഷാരംഭത്തോടെ (മെയ് - ജൂൺ) നഴ്സറിയിൽ പാകാവുന്നതാണ്. ആവശ്യത്തിന് തണലും നല്ല നീർവാർച്ചയുമുള്ള മണൽ കലർന്ന മണ്ണാണ് നഴ്സറികൾ നിർമ്മിക്കാൻ ഉത്തമം. അധികം ദൃഢതയുള്ള മണ്ണാണെങ്കിൽ 35 മുതൽ 45 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്ത ശേഷം മണൽ നിറച്ച് അതിൽ വേണം തേങ്ങ പാകുവാൻ. ഒന്നര മീറ്റർ വീതിയിൽ ആവശ്യമുള്ള നീളത്തിൽ വാരങ്ങൾ തയ്യാറാക്കുക. വാരങ്ങൾ തമ്മിൽ 75 സെന്റീമീറ്റർ അകലം ഉണ്ടായിരിക്കണം. ഒരു വാരത്തിൽ നാലോ അഞ്ചോ വരി വിത്ത് തേങ്ങ 30X30 സെന്റീമീറ്റർ അകലത്തിൽ നടാം. വിത്ത് തേങ്ങ 25 മുതൽ 30 സെ.മി ആഴമുള്ള ചാലുകളിൽ നട്ട് തൊണ്ടിന്റെ മുകൾ ഭാഗം മാത്രം പുറത്തു കാണുന്ന വിധം മണ്ണിട്ടു മൂടണം. ചിതലിന്റെ ശല്യത്തിനെതിരെ മുൻകരുതലുകൾ സ്വീകരിക്കണം.

കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946, 8089392833** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക;

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം